ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്ന പേരിൽ ഒരു പഠന ഗവേഷണ സ്ഥാപനം കോഴിക്കോട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ തൽക്കാലം പരിഗണനയിലില്ല. ദേശാന്തര നിലവാരമുള്ള നാനോ ടെക്നോളജി സെന്റർ Techno economic feasibility-യുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുവേണ്ട നിക്ഷേപം പ്രവാസി മലയാളികളിൽ നിന്നും സ്വരൂപിക്കുന്നതിന് നോർക്ക വകുപ്പ് ഉദ്ദേശിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

യു.ഡി.എഫ്. സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷനുകൾ

20 [3071] ശ്രീ. രാജു എബ്രഹാം:

„ എം. വി. ജയരാജൻ:

„ എം. വി. ഗോവിന്ദൻമാസ്റ്റർ:

„ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; അവ ഏതെല്ലാം, വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം കമ്മീഷനുകളുടെ കാലാവധിയാണ് നീട്ടിക്കൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം കമ്മീഷനുകളുടെ റിപ്പോർട്ടുകളാണ് ഇതിനകം സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ഡി) സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവരുടെ പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന അഞ്ച് അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്.

(a) തിരുവനന്തപുരം, തുമ്പയിൽ 2001 ഡിസംബറിൽ പോലീസ് വെടിവെയ്പ്പിനിടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. ജി. രാജപ്പൻ ആചാരി കമ്മീഷനെ നിയമിച്ചു.

(b) കോട്ടയം, കുമരകത്ത് 2002 ജൂലായിൽ ഉണ്ടായ ബോട്ടപകടത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷനെ നിയമിച്ചു.

(c) കൊല്ലം, കുപ്പണയിൽ ഉണ്ടായ മദ്യ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് റ്റി. കെ. ചന്ദ്രശേഖരദാസ് കമ്മീഷനെ നിയമിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(d) 2003 മേയ് മാസത്തിൽ കോഴിക്കോട് മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജില്ലാ ജഡ്ജി ശ്രീ. തോമസ് പി. ജോസഫ് കമ്മീഷനെ നിയമിച്ചു.

(e) അടൂർ ഐ.എച്ച്. ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദിനെ അന്വേഷണ കമ്മീഷനായി നിയമിച്ചു.

(ബി) ശ്രീ. സി. ഖാലിദ് കമ്മീഷൻ ഒഴികെയുള്ള എല്ലാ കമ്മീഷനുകളുടേയും കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്.

(സി) ശ്രീ. രാജപ്പൻ ആചാരി കമ്മീഷനും, ശ്രീ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ് കമ്മീഷനും ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷനും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. തുമ്പ വെടിവെപ്പിനെക്കുറിച്ച് അന്വേഷിച്ച ശ്രീ. രാജപ്പൻ ആചാരി കമ്മീഷൻ റിപ്പോർട്ട് നടപടി രേഖ സഹിതം സഭയിൽ സമർപ്പിക്കുന്നതിനായി 8-12-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തു. കുമരകം ബോട്ട പകടത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ ജസ്റ്റിസ് നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ട് നടപടി രേഖസഹിതം സഭയിൽ സമർപ്പിക്കുന്നതിനായി 21-10-2004-ൽ നിയമസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്തു. കുപ്പണ മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. ജസ്റ്റിസ് ചന്ദ്രശേഖരദാസ് കമ്മീഷൻ 16-9-2004-ന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) നിയമസഭയിൽ സമർപ്പിച്ച ശ്രീ. രാജപ്പൻ ആചാരി കമ്മീഷൻ റിപ്പോർട്ടിലും, ശ്രീ. നാരായണക്കുറുപ്പ് കമ്മീഷൻ റിപ്പോർട്ടിലും ആരുടെ പേരിലും നടപടി ശുപാർശ ചെയ്തിരുന്നില്ല.

ന്യായാധിപൻമാരുടെ നിയമനത്തിനായി നടപടി

21 [3072] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളാ ഹൈക്കോടതിയിൽ ന്യായാധിപൻമാരുടെ കുറവുമൂലം കേസുകൾ കെട്ടിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ന്യായാധിപൻമാരുടെ 10 പുതിയ തസ്തികകൾ അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിന് അറിയിപ്പ് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്താൻ ചീഫ് ജസ്റ്റിസുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇങ്ങനെ ഒരു അറിയിപ്പ് ലഭിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly